**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **.64** 02-03-2020 -ൽ മറുപടിക്ക്

**കവളപ്പാറയിലെ പ്രളയബാധിതർക്ക് നൽകിയ സഹായങ്ങളും ചെലവഴിച്ച തുകയും**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കവളപ്പാറയിൽ ഉണ്ടായ ദുരന്തത്തിൽ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടായ എത്ര പേർക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | എ) | നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾ പൊട്ടലിൽ കാണാതായ 48 പേരുടെ മൃതശരീരങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുകയും 11 പേരുടെ മൃതശരീരങ്ങൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ അവരെയും മരണപ്പെട്ടതായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അപ്രകാരം 59 പേർ മരണപ്പെട്ടതായി കണക്കാക്കുകയും ആയതിൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ നിരക്കിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരാവകാശികൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. 2019-ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരിൽ 33 പേർക്ക് പ്രമുഖ വ്യവസായി ശ്രീ. എം.എ. യൂസഫലി വീട് വച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ വീടുകളുടെ ഗുണഭോക്താക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആദ്യ ഗഡുവായ 95,100/- രൂപ വീതം വിതരണം ചെയ്യുന്നതിനായി ആകെ 31,38,300/- രൂപയും ഭൂമി വാങ്ങുന്നതിനായി ബഹു:മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1.98 കോടി രൂപയും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കവളപ്പാറയിലെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട് വച്ച് നൽകുന്നതിനുള്ള കെയർഹോം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രളയാനന്തര പുനരധിവാസത്തിനും പുനർ നിർമ്മാണത്തിനുമായി ലോകബാങ്കിൽ നിന്നും എത്ര രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇതിൽ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്; മറ്റേതെങ്കിലും കാര്യത്തിന് ഈ തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | ബി) | കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയായി ഇതു വരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.<br>റീബിൽഡ് കേരള പദ്ധതിയിൻ കീഴിൽ ആകെ 1850 കോടിയോളം രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇവയിൽ ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുകയാണ്. നിർവ്വഹണ ഘട്ടത്തിൽ മാത്രമേ ഈ തുക ചെലവഴിക്കേണ്ടി വരുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ